കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വനിതാ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും, വനിതാ തടവുകാരുടെയും, കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതു കൊണ്ട് വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുമുള്ള വിദ്യാഭ്യാസ ധനസഹായം - പുതുക്കി നിശ്ചയിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 322/2014/സാനീവ തീയതി, തിരുവനന്തപുരം, 08.05.2014

---

പരാമർശം :
1) സ.ഉ(സാധാ) നം. 4/2010/സാക്ഷേവ തീയതി 4.1.2010.
2) സ.ഉ(സാധാ) നം. 398/2010/സാക്ഷേവ തീയതി 14.9.2010.
3) സ.ഉ(എം.എസ്) നം. 36/2012/സാക്ഷേവ തീയതി 6.6.2012.
4) സ.ഉ(എം.എസ്) നം. 6/2013/സാനീവ തീയതി 22.1.2013.
5) സാമൂഹ്യനീതി ഡയറക്ടറുടെ 27.3.2014 ലെ എഫ്1/12514/14 നമ്പർ കത്ത്.
6) 25.4.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

സൂചന(1) പ്രകാരം വനിതകൾ ഗൃഹനാഥരായുള്ള ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്ക് താഴെപ്പറയുന്ന രീതിയിൽ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| 1 | 10 മുതൽ 12 വരെ | 2500 രൂപ |
| 2 | ഡിഗ്രി മുതലുള്ള തുടർ വിദ്യാഭ്യാസത്തിന് | 5000 രൂപ |

2. കൂടാതെ സൂചന (2) പ്രകാരം വനിതാ തടവുകാരുടെയും കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതുകൊണ്ട് വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി താഴെപ്പറയുന്ന രീതിയിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിവർഷം അനുവദിക്കുന്ന തുക |
|---|---|---|
| 1 | ഹൈസ്കൂൾ തലം (VIII-X ) | 6000 രൂപ |
| 2 | പ്ലസ് വൺ മുതൽ ബിരുദം/ഡിപ്ലോമ തലം | 12000 രൂപ |

3) ഈ രണ്ട് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും വിദ്യാഭ്യാസ ധനസഹായം തമ്മിൽ വളരെ വലിയ വ്യത്യാസം നിലനിൽക്കുന്നതിനാലും 2008-09 സാമ്പത്തിക വർഷത്തിൽ കുട്ടികളുടെ പഠനത്തിന് അനുവദിക്കപ്പെട്ട ധനസഹായം നിലവിലെ വിദ്യാഭ്യാസ സമ്പ്രദായ വ്യവസ്ഥയുമായി തുലനം ചെയ്യുമ്പോൾ പുതുക്കേണ്ടത് അനിവാര്യമായതിനാലും വനിതാ

ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും, വനിതാ തടവുകാരു... കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതു കൊണ്ട് വനിതകൾ ഗൃഹനാഥകളായി... കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസത്തിനായി അനുവദിക്കപ്പെടുന്ന ധനസഹ... താഴെപ്പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിക്കണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമ... (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ടി തുക 2235-02-103-92-(പി), 2235-02-106-93-(പി) എ... ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള 330 ലക്ഷവും 110 ലക്ഷവും രൂപയിൽ നി... കണ്ടെത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, അച്ഛനും അമ്മയും കുട്ടിയ... സംരക്ഷണത്തിന് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ കുട്ടിയെ സംരക്ഷിക്കുന്ന ബന്ധു... എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ പ്രൊബേഷൻ ഓഫീസർ/ വനിതാ പ്രൊട്ട... ഓഫീസർമാരുടെ ശുപാർശയോടെ ടി കേസുകളിലും ധനസഹായം അനുവദിക്കണമെ... അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമാ... പ്രതിവർഷം അനുവദിക്ക... തുക |
|---|---|---|
| 1 | 1 മുതൽ 7-ാം ക്ലാസ്സ് വരെ | 500 രൂപ വീതം X ... മാസത്തേയ്ക്ക് = 5000 രൂപ |
| 2 | 8 മുതൽ 10-ാം ക്ലാസ്സ് വരെ | 1000 രൂപ വീതം X ... മാസത്തേയ്ക്ക് = 10000 രൂപ |
| 3 | +1 ,+2 ക്ലാസ്സുകൾ | 1500 രൂപ വീതം X ... മാസത്തേയ്ക്ക് = 15000 രൂപ |
| 4 | ഡിഗ്രി ,ഡിപ്ലോമ, പിജി ക്ലാസ്സുകൾ | 2000 രൂപ വീതം X ... മാസത്തേയ്ക്ക് = 20000 രൂപ |

4) 25.4.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം, അധിക തുക ആവശ്യം വരുന്ന പക്ഷ... ധനപുനർവിനിയോഗം വഴി കണ്ടെത്തണം എന്ന നിബന്ധനയോടെ കേരള സാമൂഹ്യ സുരക്ഷ... മിഷൻ വഴി നടപ്പിലാക്കുന്ന 'സ്നേഹപൂർവ്വം' പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന അതേ നിരക്കി... വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേ... നിബന്ധനയ്ക്കു വിധേയമായി വനിതാ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കു... വനിതാ തടവുകാരുടെയും, കുടുംബനാഥൻമാർ ജയിലിൽ കഴിയുന്നതു കൊണ്ട് വനിതക... ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും താഴെപ്പറയുന്ന രീതിയിൽ വിദ്യാഭ്യാ... ധനസഹായം പുതുക്കി നിശ്ചയിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ... തുക 2235-02-103-92-(പി), 2235-02-106-93-(പി) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള... യഥാക്രമം 330 ലക്ഷവും 110 ലക്ഷവും രൂപയിൽ നിന്നും വഹിക്കേണ്ടതും അധികം തു... ആവശ്യം വരുന്ന പക്ഷം ധനപുനർവിനിയോഗം വഴി കണ്ടെത്തേണ്ടതുമാണ്.

| ക്രമ നം. | കുട്ടികൾ പഠിക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിമാസം അനുവദിക്കുന്ന തുക |
|---|---|---|
| 1 | സാമ്പത്തിക സഹായം അനുവദിക്കുന്ന 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും | 300 രൂപ വീതം |
| 2 | 6 മുതൽ 10-ാം ക്ലാസ്സ് വരെ | 500 രൂപ വീതം |
| 3 | +1 ,+2 ക്ലാസ്സുകൾ | 750 രൂപ വീതം |
| 4 | സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി /പ്രൊഫഷണൽ കോഴ്സുകൾ | 1000 രൂപ വീതം |

കൂടാതെ, അച്ഛനും അമ്മയും കുട്ടിയുടെ സംരക്ഷണത്തിന് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ കുട്ടിയെ സംരക്ഷിക്കുന്ന ബന്ധുക്കൾ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ പ്രൊബേഷൻ ഓഫീസർ/ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ശുപാർശയോടെ ടി കേസുകളിലും ധനസഹായം അനുവദിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**